**? ചോദ്യോത്തരം**

**മുജീബ്**

# ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ മുസ്‌ലിം സംഘടനകൾ എന്തുകൊണ്ട് എതിർക്കുന്നു?

■ *'ദൈവത്തിന്റെ ഭൂമിയിൽ ദൈവിക വ്യവസ്ഥ' എന്നതാണല്ലോ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവ ദൈവിക നിർദേശങ്ങൾക്ക് അനുസൃതമായി വർത്തിക്കുമ്പോൾ മനുഷ്യന് ഈ ലോകത്ത് ക്ഷേമവും മരണാനന്തര ജീവിതത്തിൽ മോക്ഷവും കിട്ടുമെന്ന് ഇവർ വിശ്വസിക്കുന്നു. ഈ ആശയം പറയാനും പ്രചരിപ്പിക്കാനും ഭരണഘടനാപരമായ അവകാശം രാജ്യത്ത് എല്ലാവർക്കുമുണ്ട്. അതേപോലെ വിമർശിക്കാനും അവകാശമുണ്ട്. അതിനാൽ മനുഷ്യ നിർമിത വ്യവസ്ഥിതിയുടെ ആൾക്കാരും മതനിഷേധികളും അന്യമത വിദ്വേഷികളും ജമാഅത്തിനെ എതിർക്കുന്നു? ഇവരുടെ എതിർപ്പ് തികച്ചും സ്വാഭാവികം. എന്നാൽ ഈ ആദർശത്തിന്റെ അനുയായികൾ എന്നവകാശപ്പെടുന്ന മുസ്‌ലിം മത, രാഷ്ട്രീയ സംഘടനകളും വ്യക്തികളും എന്തുകൊണ്ട് ജമാഅത്തിനെ എതിർക്കുന്നു. അമുസ്‌ലിം ബുദ്ധിജീവികൾ ഈ വ്യവസ്ഥിതിയെ, പ്രത്യേകിച്ച് ഇതിന്റെ രാഷ്ട്രീയ, സാമ്പത്തിക മേഖലകളെ പറ്റി പഠിച്ച് വളരെ ഗൗരവപൂർവം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. അറിഞ്ഞേടത്തോളം യാതൊരു നിയമവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെടാത്ത ഈ സംഘടനയെ മറ്റു മുസ്‌ലിം സംഘടനകൾ തീവ്രവാദികൾ എന്നു വിളിച്ചാക്ഷേപിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി ദൈവികമെന്നു പറയുന്ന ഒരു ആശയത്തെയാണ് ഇവർ തീവ്രവാദമെന്നും ഭീകരവാദമെന്നും വിളിക്കുന്നതെന്നോർക്കണം! സ്വന്തം വിശ്വാസി സമൂഹത്തിന് മനസ്സിലാകാത്ത ഈ വ്യവസ്ഥിതി എങ്ങനെ മനുഷ്യ സമൂഹത്തിന് പ്രായോഗികമാകും? ഇവർക്ക് ഇനിയും മനസ്സിലായിട്ടില്ലെങ്കിൽ, ദൈവിക വ്യവസ്ഥിതിയെ മനസ്സിലാക്കാൻ പ്രാപ്തിയില്ലാത്ത, സ്വന്തം വിശ്വാസ പ്രമാണത്തിന്റെ പ്രത്യയശാസ്ത്ര പരിപ്രേക്ഷ്യത്തെ മനസ്സിലാക്കാൻ കഴിവില്ലാത്ത ഒരു സമുദായമാണ് മുസ്‌ലിംകൾ എന്ന് സമ്മതിക്കുമോ? മനസ്സിലാക്കിയ ശേഷമാണ് ദൈവിക വ്യവസ്ഥിതിയെ തള്ളിപ്പറയുന്നതെങ്കിൽ മതപരിത്യാഗികളുടെ ഗണത്തിൽ ഇവർ വരില്ലേ?*

***കെ.പി ശ്രീകുമാർ ശാസ്തമംഗലം***
***തിരുവനന്തപുരം***

**ദൈവ**ത്തിന്റെ ഭൂമിയിൽ ദൈവത്തിന്റെ ദീൻ എന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ പരമ ലക്ഷ്യമല്ല, മുദ്രാവാക്യമാണ്. ദീനിന്റെ സംസ്ഥാപനം വഴി പാരത്രിക വിജയമാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം. പ്രപഞ്ചവും അതിലെ സമസ്ത ചലനങ്ങളും ദൈവേഛക്ക് വിധേയമാണെങ്കിൽ മനുഷ്യരുടെ സാമൂഹിക ജീവിതം മാത്രം അപര്യാപ്തവും അപൂർണവും അനീതിപരവുമായ മനുഷ്യ നിർമിത നിയമങ്ങൾക്ക് വിധേയമാവുന്നതിലെ വൈരുധ്യവും അയുക്തികതയുമാണ് ജമാഅത്ത് ചൂണ്ടിക്കാട്ടുന്നത്. അല്ലെങ്കിൽ പിന്നെ ദൈവത്തിന് സാമൂഹിക ജീവിതത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇല്ലെന്നോ ഉണ്ടെങ്കിൽ തന്നെ അവ അപ്രായോഗികവും കാലഹരണപ്പെട്ടതുമാണെന്നോ വാദിക്കണം. ഭൗതികവാദികൾ വാദിക്കുന്നതും അതാണ്. പക്ഷേ, ചോദ്യകർത്താവ് വ്യക്തമാക്കിയത് പോലെ നിഷ്പക്ഷമതികളും സത്യാന്വേഷികളുമായ ഒട്ടേറെ അമുസ്‌ലിംകൾ ദൈവിക ജീവിതവ്യവസ്ഥയെപ്പറ്റി പഠിക്കുകയും അതിൽ ആകൃഷ്ടരാവുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു വിഭാഗം മുസ്‌ലിം സംഘടനകളും വ്യക്തികളും അതിനെ എതിർക്കുന്നതെന്തുകൊണ്ട് എന്നതാണ് പലരെയും കുഴക്കുന്ന ചോദ്യം.

ആലോചിച്ചാൽ ഉത്തരമില്ലാത്ത സമസ്യയൊന്നുമല്ല ഈ ചോദ്യം. നിലവിലെ മുസ്‌ലിം സമൂഹത്തിന്റെ ചേരുവകൾ നാനാ ജാതി, വംശീയ, സാമുദായിക ശക്തികളാണ്. ശവകുടീരങ്ങളെ പൂജിക്കുന്നവർ, ബഹുദൈവത്വം കലർന്ന ഏകദൈവവാദികൾ, കടുത്ത അന്ധവിശ്വാസികൾ, സൂഫികൾ, ത്വരീഖത്തുകാർ, ഇതിനെല്ലാമെതിരെ യുദ്ധം പ്രഖ്യാപിച്ച, എന്നാൽ അക്ഷരപൂജകരായ സലഫികൾ, മതം വേറെ രാഷ്ട്രീയം വേറെ എന്ന് തീരുമാനിച്ച മതേതരവാദികൾ, തത്ത്വത്തിൽ ഇസ്‌ലാമിനെ സമ്പൂർണ വ്യവസ്ഥയായി അംഗീകരിച്ച ശേഷം ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി ഇസ്‌ലാമിനു കടകവിരുദ്ധമായ പ്രസ്ഥാനങ്ങളിൽ പോലും അണിനിരന്നവർ, ഇസ്‌ലാമിൽ ജാതീയത ഇല്ലെന്ന് സമ്മതിച്ചുകൊണ്ടുതന്നെ വംശീയ മാഹാത്മ്യം കൊണ്ടുനടക്കുന്നവർ– ഇവരെല്ലാം ഉൾക്കൊള്ളുന്നതാണ് മുസ്‌ലിം സമൂഹം. അവരെ അപ്പാടെ പ്രതിനിധീകരിക്കുന്നവയാണ് മത സംഘടനകളും മുസ്‌ലിം രാഷ്ട്രീയ പാർട്ടികളും. ഇസ്‌ലാമിനെ സമ്പൂർണമായി സ്വീകരിക്കണമെന്നും അതുപ്രകാരം ജീവിക്കണമെന്നും ആഹ്വാനം ചെയ്താൽ സ്വാഭാവികമായും അവർക്കത് എളുപ്പത്തിൽ ദഹിക്കില്ല.

എന്നാൽ തങ്ങൾ കൊണ്ടുനടക്കുന്ന ഇസ്‌ലാം അപൂർണമാണെന്നോ ഇസ്‌ലാമുമായുള്ള ബന്ധം വികലമാണെന്നോ സമ്മതിക്കാനും അവർക്ക് ബുദ്ധിമുട്ടുണ്ട്. അതിനാൽ ഇസ്‌ലാമിനെ സമ്പൂർണമായും സമഗ്രമായും അവതരിപ്പിക്കാനും സംസ്ഥാപിക്കാനും യത്നിക്കുന്ന പ്രസ്ഥാനത്തെ അവർ എതിർക്കുന്നു, അതിന്റെ നേരെ കല്ലെറിയുന്നു, ഇസ്‌ലാമിന്റെ ശത്രുക്കളെ കൂട്ടുപിടിച്ചു പോലും തകർക്കാൻ ശ്രമിക്കുന്നു. മഹാനായ മുഹമ്മദ് നബി(സ) തന്റെ ദൗത്യം ആരംഭിച്ചത് ഒരു സംഘടിത മതത്തിലും വിശ്വസിച്ചിട്ടില്ലാത്ത വിഗ്രഹാരാധകരിലായിരുന്നു. അന്നും പ്രവാചകന്മാർ പരിചയപ്പെടുത്തിയ മതത്തിന്റെ യഥാർഥ അവകാശികളെന്ന് വാദിച്ച ജൂതരും ക്രൈസ്തവരുമുണ്ടായിരിക്കെയായിരുന്നു പാരമ്പര്യ 'മുസ്‌ലിം'കളെ വിട്ട് തീർത്തും അവിശ്വാസികളായ ജനസമൂഹത്തെ നേർവഴിക്ക് നയിക്കാൻ നബി(സ) തയാറായത്. അദ്ദേഹത്തിന്റെ ശുഭപ്രതീക്ഷ അസ്ഥാനത്തായില്ല. അവിശ്വസനീയമായ കാലയളവിൽ അവർ സത്യദീനിന്റെ കാവൽഭടന്മാരും പ്രചാരകരും പ്രയോക്താക്കളുമായി മാറി. യഹൂദികളിലും ക്രിസ്ത്യാനികളിലും വളരെ ചെറിയ ഒരു ന്യൂനപക്ഷമേ, അവരുടെ വേദഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്ന പ്രവാചകനായിട്ടു പോലും നബിയെ പിന്തുടർന്നുള്ളൂ. അതിനാൽ, സാമ്പ്രദായിക മുസ്‌ലിം സമുദായം ഇസ്‌ലാമിക പ്രസ്ഥാനത്തെയും ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെയും അംഗീകരിക്കാതിരിക്കെ, അമുസ്‌ലിംകൾ എങ്ങനെ സ്വീകരിക്കും എന്ന ചോദ്യം പ്രസക്തമല്ല. മുഹമ്മദ് അസദ്, മർയം ജമീല, യൂസുഫുൽ ഇസ്‌ലാം തുടങ്ങി ഒട്ടേറെ അമുസ്‌ലിം ബുദ്ധിജീവികൾ ഇസ്‌ലാമിന്റെ സമ്പൂർണതയും പ്രായോഗികതയും അംഗീകരിച്ച് അതിലേക്ക് വന്നത് പാരമ്പര്യ മുസ്‌ലിംകളെ നോക്കിയിട്ടല്ലല്ലോ.

തീവ്രവാദവും ഭീകരതയും ഇന്ന് തങ്ങൾക്കിഷ്ടമില്ലാത്ത ആരെയും ആക്രമിക്കാൻ ഉപയോഗിക്കുന്ന അർഥശൂന്യമായ ശകാര പദങ്ങളാണ്. തെളിവുകളാണ് പ്രധാനം, തെറികളല്ല. ഇസ്‌ലാമിക പ്രവർത്തകർ പ്രബോധകരാണ്, വിധികർത്താക്കളല്ല. അതിനാൽ ആരെയും മതപരിത്യാഗികളായി മുദ്രകുത്തുക അവരുടെ പണിയല്ല. അതൊക്കെ സർവജ്ഞനായ അല്ലാഹു തീരുമാനിച്ചുകൊള്ളും. അതേസയവസരത്തിൽ യശശ്ശരീരനായ മൗലാനാ അബുൽ ഹസൻ അലി നദ്‌വി തന്റെ ഒരു കൃതിക്ക് നൽകിയ പേര് സ്മരണീയമാണ്– 'നേരിടാൻ ഒരു അബൂബക്കർ ഇല്ലാതെ പോയ മതപരിത്യാഗം' (റിദ്ദതുൻ ലാ അബാബക്കറിൻ ലഹാ). അതാണിന്ന് നടക്കുന്നത്.

## രാഷ്ട്രീയ പാർട്ടിയും രാഷ്ട്രീയ പ്രസ്ഥാനവും

■ *"ജമാഅത്തെ ഇസ്‌ലാമിയെ കേവലം മതസംഘടനയായും സാംസ്കാരിക കൂട്ടായ്മയായും കണ്ടിരുന്ന കേരളീയ സമൂഹത്തിൽ രാഷ്ട്രീയ പ്രസ്ഥാനമായി അംഗീകരിക്കപ്പെട്ടു എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു ശേഷമുണ്ടായ ഏറ്റവും വലിയ നേട്ടമെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി അഭിപ്രായപ്പെട്ടു" (മാധ്യമം ദിനപത്രം 2010 ഒക്ടോബർ 31).*

*"ജമാഅത്തെ ഇസ്‌ലാമിയോ? ആ സംഘടന മുൻ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലെന്ന പോലെ ഈ തെരഞ്ഞെടുപ്പിലും മത്സരിച്ചില്ല. തങ്ങളൊരു രാഷ്ട്രീയ പാർട്ടിയാവാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്" (മാധ്യമം ദിനപത്രം, എ. ആർ, 2010 നവംബർ 2).*

*ജമാഅത്തെ ഇസ്‌ലാമിയെ രാഷ്ട്രീയ പാർട്ടിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് എ. ആർ. രാഷ്ട്രീയ പാർട്ടിയായി തങ്ങളെ സമൂഹം അംഗീകരിച്ചതാണ് ഈ തെരഞ്ഞെടുപ്പിലെ നേട്ടമെന്ന് അമീർ. ലക്ഷ്യമാവാത്തത് നേട്ടമാവുന്നതിന്റെ കെമിസ്ട്രി എന്താണ്?*

***വാസ് വലിയപറമ്പിൽ***
***പാലക്കാട്***

**ആ**ശയക്കുഴപ്പമുണ്ടാക്കാൻ ജമാഅത്തെ ഇസ്‌ലാമിയുടെ വിമർശകർ വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രണ്ട് ഉദ്ധരണികളാണ് ചോദ്യത്തിലേത്. യഥാർഥത്തിൽ രണ്ടും തമ്മിൽ ഒരു വൈരുധ്യവുമില്ല. പത്രറിപ്പോർട്ടിൽ വിശദാംശങ്ങളില്ലാത്തത് ദുഷ്പ്രചാരണത്തിന് സഹായകമായി എന്നു മാത്രം.

ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് രാഷ്ട്രീയ പാർട്ടിയായി മാറേണ്ടതില്ലെന്നും അത് സജീവ രാഷ്ട്രീയത്തിലിറങ്ങുകയോ ഇലക്ഷനിൽ മത്സരിക്കുകയോ ചെയ്യേണ്ടതില്ലെന്നും തീരുമാനിച്ചത് ഉന്നത നയരൂപീകരണ വേദിയായ മജ്‌ലിസ് ശൂറയാണ്. അക്കാര്യമാണ് *മാധ്യമം* ലേഖനത്തിൽ ചൂണ്ടിക്കാട്ടിയതും. എന്നാൽ ഒരു സാമ്പ്രാദയിക മത സംഘടനയല്ല ജമാഅത്ത് എന്നും ഇസ്‌ലാമിനെ രാഷ്ട്രീയമടക്കമുള്ള മേഖലകളിൽ സ്പഷ്ടവും ഖണ്ഡിതവുമായ നിർദേശങ്ങളുള്ള ഒരു സമഗ്ര ജീവിത വ്യവസ്ഥയായി വിശ്വസിക്കുകയും പ്രബോധനം നടത്തുകയും ചെയ്യുന്ന സമ്പൂർണ പ്രസ്ഥാനമാണതെന്നും സ്ഥാപിതമായത് മുതൽ അസന്ദിഗ്ധമായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഏതാണ്ടെല്ലാ ജമാഅത്ത് സാഹിത്യങ്ങളിലും ഇക്കാര്യം സംശയാതീതമായി വിശദീകരിച്ചിട്ടുമുണ്ട്. എങ്കിലും പരമ്പരാഗത മത സംഘടനകളും ജമാഅത്തെ ഇസ്‌ലാമിയും തമ്മിലെ മൗലികമായ അന്തരം മനസ്സിലാക്കാതെ സുന്നി, മുജാഹിദ് പട്ടികയിൽ മൂന്നാമതായി ജമാഅത്തിനെയും ഉൾപ്പെടുത്തുന്ന പതിവ് ഇപ്പോഴും തുടരുന്നു. ഈ സംഘടനകൾ തന്നെ, മതത്തെ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരുന്നതായി ജമാഅത്തിനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് അമീർ ടി. ആരിഫലി ഒരു പ്രസംഗത്തിൽ ജമാഅത്തെ ഇസ്‌ലാമിയെ കേവലം മതസംഘടനയായും സാംസ്കാരിക കൂട്ടായ്മയായും കണ്ടിരുന്ന കേരളീയ സമൂഹത്തിൽ അത് രാഷ്ട്രീയ പ്രസ്ഥാനമായി അംഗീകരിക്കപ്പെട്ടു എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നേട്ടമായി അഭിപ്രായപ്പെട്ടത്. തീർച്ചയായും ജമാഅത്തെ ഇസ്‌ലാമി അതിന്റെ തുടക്കം മുതൽ തന്നെ ഒരു കേവല മത സംഘടനയോ സാംസ്കാരിക കൂട്ടായ്മയോ ആയിരുന്നില്ല. പൊതു ജീവിതത്തെ ഇസ്‌ലാമിക രാഷ്ട്രീയ കാഴ്ചപ്പാടിലൂടെ വിലയിരുത്തുന്ന പ്രസ്ഥാനം ആയിരുന്നു. അതുകൊണ്ടാണ് സാമ്രാജ്യത്വത്തെയും ഫാഷിസത്തെയും ഭൗതികവാദത്തെയും മുതലാളിത്തത്തെയും കമ്യൂണിസത്തെയും തത്ത്വാധിഷ്ഠിതമായി എതിർക്കാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കാനും ഇസ്‌ലാമിനെ ബദൽ പദ്ധതിയായി അവതരിപ്പിക്കാനും അതിന് കഴിഞ്ഞത്. ഇക്കാര്യം കൂടുതൽ വ്യക്തമാവാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ജമാഅത്തിന്റെ ഇടപെടലും അതേതുടർന്നുണ്ടായ പ്രചാരണങ്ങളും വിവാദങ്ങളും സഹായകമായിട്ടുമുണ്ട്. ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സംഘടനാ പ്രവർത്തകർ പങ്കെടുക്കണമെന്നത് ഒരു പുതിയ തീരുമാനമല്ല. 1974 ജൂണിൽ ബാംഗ്ലൂരിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് മജ്‌ലിസ് ശൂറ കൈക്കൊണ്ട തീരുമാനമാണ്. 'രാജ്യത്ത് നിവ

സിക്കുന്ന എല്ലാവർക്കും ജമാഅത്തിന്റെ സന്ദേശമെത്തിക്കാനും ബഹുജനാഭിപ്രായം അനുകൂലമാക്കിത്തീർക്കാനുമുള്ള പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തണമെന്ന് കേന്ദ്ര മജ്‌ലിസ് ശൂറാ ജമാഅത്ത് പ്രവർത്തകരെ ആഹ്വാനം ചെയ്തു. ജമാഅത്തിന്റെ ലക്ഷ്യം മുമ്പിൽ വെച്ചുകൊണ്ട്, അതിന്റെ നയപരിപാടികൾ പ്രാവർത്തികമാക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നതാണെന്നും കേന്ദ്ര മജ്‌ലിസ് ശൂറ തീരുമാനിച്ചു. ഇവ്വിഷയകമായി, ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് മതിയായ സ്വാധീനം ലഭിക്കുകയും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രായോഗികമായി പങ്കെടുക്കാൻ സാധ്യത തെളിയുകയും ചെയ്യുന്ന പ്രദേശങ്ങളുടെ സർവേ നടത്താൻ രണ്ട് സബ് കമ്മിറ്റികൾ നിയോഗിക്കപ്പെടുകയുണ്ടായി. കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ചുരുങ്ങിയത് 100 ഗ്രാമങ്ങളെങ്കിലും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമാണെന്ന് ബോധ്യമായാൽ മാത്രമേ ജമാഅത്ത് ഗ്രാമപഞ്ചായത്ത് ഇലക്ഷനിൽ പങ്കെടുക്കുന്നിന് പ്രായോഗിക നടപടികൾ സ്വീകരിക്കുകയുള്ളൂവെന്നും തീരുമാനിക്കപ്പെട്ടു' (പ്രബോധനം, ജമാഅത്തെ ഇസ്‌ലാമി 50-ാം വാർഷിക പതിപ്പ്, 1992- ജമാഅത്തും തെരഞ്ഞെടുപ്പും എന്ന ലേഖനം). എന്നാൽ 1975 ജൂലൈയിൽ ജമാഅത്ത് നിരോധിക്കപ്പെട്ടതിനെ തുടർന്ന് തുടർ നടപടികൾ ഉണ്ടായില്ല. നിരോധം റദ്ദായ ശേഷം പൊതു തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതിനെക്കുറിച്ചാണ് ആലോചനകളും ചർച്ചകളും നടന്നത്. നയപരമായ മാനങ്ങളില്ലാത്ത, രാഷ്ട്രീയാതീതമായി വികസനം മാത്രം ലക്ഷ്യമാക്കിയുള്ള ത്രിതല പഞ്ചായത്ത്-നഗരസഭ തെരഞ്ഞെടുപ്പുകളിൽ ജമാഅത്ത് അംഗങ്ങൾക്കും പ്രവർത്തകർക്കും പങ്കെടുക്കുകയും സ്വതന്ത്രരായി മത്സരിക്കുകയും ചെയ്യാമെന്ന് ഒടുവിൽ തീരുമാനിക്കുകയായിരുന്നു. അത് പ്രകാരം ബംഗാളിലും കർണാടകയിലും മഹാരാഷ്ട്രയിലും ലോക്കൽ ബോഡീസ് ഇലക്ഷനിൽ പങ്കെടുത്തു, ഇപ്പോൾ കേരളത്തിലും. എന്നാൽ ജമാഅത്ത് ഒരു രാഷ്ട്രീയ പാർട്ടിയായി തെരഞ്ഞെടുപ്പ് കമീഷനിൽ രജിസ്റ്റർ ചെയ്യുകയോ പൊതുവായ പതാകയോ ചിഹ്നമോ സ്വീകരിക്കുകയോ ചെയ്തുകൊണ്ടല്ല ഈ സംസ്ഥാനങ്ങളിലൊന്നും തെരഞ്ഞെടുപ്പിനെ നേരിട്ടത്. രാഷ്ട്രീയ പ്രസ്ഥാനം രാഷ്ട്രീയ പാർട്ടി ആവണം എന്നില്ല. രാഷ്ട്രീയ പാർട്ടി വേറെത്തന്നെ രൂപവത്കരിക്കാനുള്ള നീക്കങ്ങൾ പുരോഗമിക്കുന്നു.

## വൈരുധ്യ രാഷ്ട്രീയത്തിന്റെ അവിശുദ്ധ ഭൂമിക?

■ *"ജമാഅത്തെ ഇസ്‌ലാമി തള്ളക്കോഴിയായി നിന്നു കൊടുത്ത് പറക്കമുറ്റാത്ത കുഞ്ഞുങ്ങളെ മത്സരത്തിനിറക്കി 'തൂത്തുവാരിക്കളഞ്ഞ' രാഷ്ട്രീയ ചരിത്രം കൂടി ഈ തെരഞ്ഞെടുപ്പിനുണ്ട്. സംസ്ഥാനത്തൊട്ടാകെ പല പേരുകളിലായി ആയിരത്തോളം സീറ്റുകളിലാണ് അവർ മത്സരിച്ചത്. ഒരു സീറ്റിൽ പോലും ജയിക്കാനായുമില്ല. നടുറോഡിൽ നട്ടുച്ചക്ക് ഉടുതുണിയഴിഞ്ഞ ഈ അനുഭവം അവരിൽ ഏതു തരത്തിലുള്ള വീണ്ടുവിചാരമാണുണർത്തുകയെന്നു പറയുക വയ്യ. തല്ലു കൊണ്ടും ആട്ടു കേട്ടും സി.പി.എമ്മിന്റെ കൂടെ നടന്നാലും വേണ്ടില്ല, മുസ്‌ലിം ലീഗിന്റെ തകർച്ച കണ്ടേ തിരിച്ചു പോകൂ എന്ന ശപഥമെടുത്തവരെ ഉപദേശിക്കുക പ്രായോഗികമല്ല. വൈരുധ്യ രാഷ്ട്രീയത്തിന്റെ അവിശുദ്ധ സംഗമ ഭൂമിക ഒരുക്കപ്പെടുകയാണ് ഈ നിലപാടിലൂടെ തങ്ങളെന്ന തിരിച്ചറിവിൽ അവരെത്തിപ്പെടാൻ പല കാര്യങ്ങളിലും എന്ന പോലെ ആവശ്യമായ സമയമെടുത്തേക്കും" (മുഖലേഖനം, ചന്ദ്രിക 28.10.2010). പ്രതികരണം?*

***എം.ഒ അബ്ദുൽ ഖാദിർ***
***തിരുവള്ളൂർ***

**ഇ**ന്ത്യ എന്നാൽ കേരളമല്ല. ഇന്ത്യയിലാകെ 18 കോടിയെങ്കിലും മുസ്‌ലിംകളുണ്ട്. കേരളത്തിൽ വെറും 75 ലക്ഷവും. 1948-ൽ പുനർരൂപവത്കരിക്കപ്പെട്ട ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് ആറ് പതിറ്റാണ്ടിലധികമായി മുസ്‌ലിം സമുദായത്തിന്റെ മൊത്ത കുത്തക അവകാശപ്പെട്ട് രാഷ്ട്രീയ പാർട്ടിയായി പ്രവർത്തിക്കുന്നു, തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നു. ഏറ്റവുമൊടുവിലും ആ പാർട്ടിക്ക് ഇന്ത്യൻ പാർലമെന്റിൽ മഹാ സഖ്യത്തിന്റെ ഭാഗമായി മത്സരിച്ചിട്ടും കിട്ടിയ സീറ്റുകളെത്ര? വെറും രണ്ടേ രണ്ട്! (ഇടക്കാലത്ത് അത് ഒന്നായും കുറഞ്ഞിരുന്നു). 28 ഇന്ത്യൻ സംസ്ഥാനങ്ങളിൽ പാർട്ടിക്ക് നിയമസഭ പ്രാതിനിധ്യമുള്ള സംസ്ഥാനമെത്ര? ഒന്നേ ഒന്ന്- കേരളം മാത്രം. കേരളത്തിൽ തന്നെ മലപ്പുറം ജില്ലക്ക് പുറത്ത് മുസ്‌ലിം ലീഗിന്റെ സ്വാധീനമെത്രത്തോളം? കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിലെ കൊട്ടിഘോഷിക്കുന്ന മഹാ വിജയത്തിൽ പോലും ദക്ഷിണ കേരളത്തിന്റെ സംഭാവനയെത്ര? ആർക്കും എപ്പോഴും എങ്ങനെയും അംഗത്വം നൽകുന്ന, ഒരുവിധ സദാചാര ധാർമിക പരിഗണനകളുമില്ലാതെ ആർക്കും ഭാരവാഹിയാകാവുന്ന സാമുദായിക പാർട്ടിക്ക് യു.ഡി.എഫിന്റെ ഘടകമായിട്ട് കൂടി കിട്ടിയ നേട്ടം ഇതാണെങ്കിൽ, ചരിത്രത്തിലാദ്യമായി കേരളത്തിൽ പഞ്ചായത്ത്-നഗരസഭ തെരഞ്ഞെടുപ്പിൽ സ്വന്തം പേരിലോ ചിഹ്നത്തിലോ അല്ലാതെ വെറും സ്വതന്ത്രരായി കഷ്ടിച്ച് ഇരുപതിലൊന്ന് സീറ്റുകളിൽ മത്സരത്തിനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു മുന്നണിയുടെയും ഭാഗമല്ലാതെ, പിന്താങ്ങിയ സ്വതന്ത്രരടക്കം 14 പേരെ വിജയിപ്പിക്കാനും 90-ൽ പരം വാർഡുകളിൽ രണ്ടാം സ്ഥാനത്തെത്താനും ഒന്നര ലക്ഷത്തോളം വോട്ട് നേടാനും കഴിഞ്ഞതിനെ എന്ത് ന്യായം വെച്ചാണ് ലീഗ് പത്രം പരിഹസിക്കുന്നത്? അഹന്തയാവാം. അത് പരിധിവിടുമ്പോൾ പക്ഷേ, ഓർക്കുക, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ശിക്ഷിച്ച ദൈവം ഇപ്പോഴും ഉറങ്ങിക്കിടക്കുകയല്ല. ഒരു വിജയവും ശാശ്വതമല്ല എന്ന ഗുണപാഠം സ്വന്തം അനുഭവങ്ങളിൽ നിന്നെങ്കിലും ലീഗ് പഠിക്കണം. ലീഗിനെയോ മറ്റേതെങ്കിലും മതേതര പാർട്ടിയെയോ തകർക്കാൻ ജമാഅത്ത് ഇന്നുവരെ ഒരു തെരഞ്ഞെടുപ്പിലും ശ്രമിച്ചിട്ടില്ല. തത്ത്വാധിഷ്ഠിതമായി മറ്റുള്ളവരെ പിന്തുണക്കുകയാണ് ചെയ്തത്. കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പിലടക്കം ലീഗ് സ്ഥാനാർഥിയെ പിന്താങ്ങിയിട്ടുമുണ്ട്. ലീഗ് ഉള്ളപ്പോൾ ഇന്ത്യൻ മുസ്‌ലിംകൾക്ക് വേറൊരു പാർട്ടി വേണ്ട എന്ന കുത്തക മനസ്സിനെ തൃപ്തിപ്പെടുത്താൻ മറ്റുള്ളവർക്ക് സാധിക്കില്ലെന്നു മാത്രം. അല്ലെങ്കിലും കോൺഗ്രസ്സുള്ളപ്പോൾ ഭിന്നമായ ഒരു നയനിലപാടുകളും ഇല്ലാത്ത മുസ്‌ലിം ലീഗെന്തിന് എന്ന ചോദ്യവും പ്രസക്തമല്ലേ! ■